## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1170 — 13.06.13 ൽ - മറുപടിക്ക്

# റേഷൻകടകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ് ;<br>,, ഹൈബി ഈഡൻ;<br>,, വി.പി. സജീന്ദ്രൻ;<br>,, എം.പി. വിൻസെന്റ്: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് **End-to-End Computerisation** നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കടകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഏകീകൃത നിറവും, രൂപവും നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, ബയോമെട്രിക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പോയിന്റ് ഓഫ് സെയിൽ **(PoS)** സംവിധാനം **LED Display, Stock Board** എന്നിവ ഏർപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ സൈറ്റ് പ്രിപ്പറേഷൻ ജോലികൾ ചെയ്യുന്നതിനും റേഷൻ കടകളിൽ സൗരോർജ്ജം ഉപയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) റേഷൻകടകൾ നവീകരിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്ന നേട്ടങ്ങളെന്തെന്ന് വിശദീകരിക്കുമോ; | (ബി) | റേഷൻകടകളിൽ നവീകരണത്തിന്റെ ഭാഗമായി **Information Kiosk** സ്ഥാപനത്തിലൂടെ പൊതുവിതരണ സംവിധാനം കൂടുതൽ സുതാര്യവും **FMPDS** പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് **SMS alerts** ലഭ്യമാക്കുന്നതിനാൽ ഭക്ഷ്യധാന്യങ്ങളുടെ വ്യതിചലനം പൂർണ്ണമായും തടയാൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ ഏത് റേഷൻകടയിൽ നിന്നും കാർഡുടമകൾക്ക് റേഷൻ വാങ്ങുവാൻ സാധിക്കുന്നതാണ്. കൂടാതെ, റേഷൻകടകളിൽ ബയോമെട്രിക് അധിഷ്ഠിതമായ പോയിന്റ് ഓഫ് സെയിൽ **(PoS)** സംവിധാനം സ്ഥാപിക്കുന്നതിനാൽ തിരിമറി തടയാൻ സാധിക്കുന്നതാണ്. ഇതിലൂടെ റേഷൻ ഉപഭോക്താക്കളുടെ ബയോമെട്രിക് ഡാറ്റാ പരിശോധിച്ച് യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും അവർക്ക് ലഭ്യമാക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ? | (സി) | **End-to-End Computerisation** നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന ചെലവിന്റെ 50% കേന്ദ്രസർക്കാർ ലഭ്യമാക്കുമെന്ന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ